**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** **07-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളത്തിന്റെ ലാൻഡ് അക്വിസിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുള്ള കേസുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>**1.റൺവേ 4000 മീറ്ററായി ദീർഘിപ്പിക്കുന്നത് - 99.3235 ഹെ. (കീഴല്ലൂർ - കാനാട് ദേശം)**<br><br>17.09.2020 ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പദ്ധതിയിലെ കെട്ടിട വ്യാല്യുവേഷൻ PWD ഏജൻസിയും കാർഷിക വിളകളുടെ വ്യാല്യുവേഷൻ കൃഷി വകുപ്പും, വൃക്ഷങ്ങളുടെ വ്യാല്യുവേഷൻ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും നടത്തി വരുന്നു. പുനരധിവാസ പാക്കേജ് തയ്യാറാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. നഷ്ടപരിഹാര തുക നിക്ഷേപിക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്. തുടർന്ന് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.<br><br>**2. റൺവേ 4000 മീറ്റർ - പുനരധിവാസം**<br><br>17.11.2021 ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. നഷ്ടപരിഹാര തുക നിക്ഷേപിക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്.<br><br>**3. ഡ്രെയിനേജ് (2a, 3a, 4a) 0.238 ഹെ.**<br><br>31.08.2021 ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. കരട് പ്രഖ്യാപനം അന്തിമ ഘട്ടത്തിലാണ്.<br><br>**4. ഡ്രെയിനേജ് 2 അനുബന്ധം - 0.001 ഹെ.**<br><br>സാമൂഹ്യാഘാത പഠനവും വിദഗ്ദ സമിതി വിലയിരുത്തലും പൂർത്തീകരിച്ചു. സമുചിത സർക്കാർ തീരുമാനം 23.01.2023 ന് ഉത്തരവായിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | ഭൂമി വിട്ടുനൽകിയ എല്ലാവർക്കും നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (ബി) | കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുള്ള കേസുകളിൽ ഭൂമി വിട്ടു നൽകിയവർക്കും പുനരധിവാസ പുന:സ്ഥാപന സ്കീമിൽ ഉൾപ്പെടുന്നവർക്കും നഷ്ടപരിഹാര തുക അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തുക നിക്ഷേപിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ